**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1123** **12-06-2024 - ൽ മറുപടിയ്ക്ക്**

**പൈപ്പിടുന്നതിനായി കുഴിച്ച റോഡുകൾ പൂർവസ്ഥിതിയിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന വാട്ടർ അതോറിറ്റി പൈപ്പിടുന്നതിന്റെ ഭാഗമായി കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാത്തതു മൂലം ജനങ്ങൾക്ക് ദുരിതം ഉണ്ടാകുന്നതായി പറയപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | പൈപ്പിടുന്നതിന്റെ ഭാഗമായി കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാത്തതുമൂലം ജനങ്ങൾക്ക് ദുരിതം ഉണ്ടാകുന്നതായി പറയപ്പെടുന്നത് ഗൗരവമായി പരിഗണിക്കുന്നുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ 1,2 ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പൈപ്പ് ലൈൻ പ്രവൃത്തികളിലും അമൃത്-1 പ്രവൃത്തികളിലും, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ മുറിക്കുന്നതിന് മുൻപ് റോഡ് പുനരുദ്ധാരണത്തിനുള്ള തുക പി.ഡബ്ല്യു.ഡി.യിൽ അടവാക്കിയതിനുശേഷമാണ് പൈപ്പുകൾ സ്ഥാപിച്ചിരുന്നത്. ആയതിന്റെ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. ആണ് നടപ്പിലാക്കുന്നത്. ജലജീവൻ മിഷൻ 3,4 ഘട്ടങ്ങളിലും, അമൃത്-2 പദ്ധതികളിലും പൈപ്പ് ലൈൻ പ്രവൃത്തികളുടെ കരാറിൽ തന്നെ പി.ഡബ്ല്യു.ഡി., എൽ.എസ്.ജി.ഡി. റോഡ് പുനരുദ്ധാരണ പ്രവൃത്തികളും ഉൾപ്പെടുത്തി ചെയ്തുവരുന്നു. എന്നാൽ ജലജീവൻ മിഷൻ 1,2 ഘട്ടങ്ങളിൽ നടപ്പാക്കിയ പൈപ്പ് ലൈൻ പ്രവൃത്തികളിൽ എൽ.എസ്.ജി.ഡി. റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള തുക അനുവദിച്ചിരുന്നില്ല. ടി റോഡുകളുടെ പുനരുദ്ധാരണം തദ്ദേശസ്വയംഭരണ വകുപ്പ് തന്നെ നടപ്പിലാക്കേണ്ടതാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ ടൈഡ് ഗ്രാന്റ് വിനിയോഗിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട് |
| (ബി) | വാട്ടർ അതോറിറ്റി പൈപ്പിടാനെടുത്ത കുഴിയിൽ വീണ് പാലക്കാട് പറക്കുന്നത്ത് ഒരാൾ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പാലക്കാട് Govt. Victoria College ലേക്ക് കണക്ഷൻ കൊടുക്കുന്നതുമായി ബന്ധപ്പെട്ടാണ് ഈ അപ്രതീക്ഷിത സംഭവം നടന്നത്. ഈ പ്രവൃത്തിയിൽ താൽക്കാലിക റെസ്റ്റോറേഷൻ മാത്രമേ വാട്ടർ അതോറിറ്റി ചെയ്യേണ്ടതായിട്ടുള്ളൂ. പെർമനെന്റ് റെസ്റ്റോറേഷൻ ചെയ്യേണ്ടത് |

| | | | |
|---|---|---|---|
| | | | ഉപഭോക്താവായ Govt. Victoria College ആയിരുന്നു.<br><br>ഇത്തരം സാഹചര്യങ്ങളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നപക്ഷം വാട്ടർ അതോറിറ്റി നേരിട്ട് റോഡ് റീഫോർമേഷൻ ചെയ്യേണ്ട സന്ദർങ്ങളിൽ അത് കൃത്യമായി കോൺക്രീറ്റ് ചെയ്ത് പൂർവസ്ഥിതിയിൽ ആക്കേണ്ടതാണെന്ന് പ്രസ്തുത ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി നേരിട്ട് റീഫോർമേഷൻ ചെയ്യേണ്ടാത്ത സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തി റോഡ് റീഫോർമേഷൻ ചെയ്യാനും പ്രസ്തുത ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | മഴ രൂക്ഷമായ സാഹചര്യത്തിൽ പൈപ്പിടുന്നതിന്റെ ഭാഗമായി കുഴിച്ച റോഡുകൾ യുദ്ധകാല അടിസ്ഥാനത്തിൽ പൂർവസ്ഥിയിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പൈപ്പിടുന്നതിന്റെ ഭാഗമായി കുഴിച്ച റോഡുകൾ 2024 മെയ് 31-നകം പൂർവ്വസ്ഥിതിയിലാക്കുവാൻ കരാറുകാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സാധാരണയില്ലും നേരത്തെ മഴ ആരംഭിച്ചതിനാൽ ടാറിംഗ് പ്രവൃത്തികൾ ചെയ്യാൻ പറ്റാത്ത സാഹചര്യത്തിൽ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ GSB (Granular Sub Base) ഉപയോഗിച്ച് താൽക്കാലികമായി സഞ്ചാരയോഗ്യമാക്കുവാൻ കരാറുകാർക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ